## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ്- മലപ്പുറം ജില്ലയിലെ കണ്ണമംഗലം ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീ ബാബു പി സി-യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ. (സാധാ) നം.1726/2016/തസ്വഭവ                തീയതി, തിരുവനന്തപുരം, 23/05/2016

---

പരാമർശം : 1. മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 1.102015 ലെ ഡി3-15127/2015 കെ.ഡി.എസ് നമ്പർ നടപടിക്രമം.
2. പഞ്ചായത്ത് ഡയറക്ടറുടെ 08.01.2016 ലെ ഇ 6-452/2016 നമ്പർ കത്ത്.

### ഉത്തരവ്

09.07.2009 ൽ ക്ലാർക്കായി പഞ്ചായത്ത് വകുപ്പിൽ പ്രവേശിച്ച ശ്രീ ബാബു പി സി നിശ്ചിത സമയപരിധിയ്ക്കുള്ളിൽ എം. ഒ. പി പരീക്ഷ വിജയിയ്ക്കാത്തതിനാൽ മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം 1 പ്രകാരം 08.07.2012 വരെ ഒരു വർഷത്തേക്ക് പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നൽകിയിരുന്നു. 11.02.2015 ൽ ടിയാൻ എം. ഒ. പി പരീക്ഷ വിജയിച്ചുവെന്നും ടിയാന്റെ പ്രൊബേഷൻ കാലയളവ് 13.02.2015 വരെ ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ സമർപ്പിക്കുകയുണ്ടായി.

2. പരാമർശകത്തിലെ പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, മലപ്പുറം ജില്ലയിലെ കണ്ണമംഗലം ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീ. ബാബു പി സി എം. ഒ. പി പരീക്ഷ വിജയിച്ച 11.02.2015 ന്റെ തൊട്ടടുത്ത ദിവസമായ 12.02.2015 ന് പ്രൊബേഷൻ പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിയ്ക്കാൻ കഴിയുമാറ്

13.02.2015 വരെ പ്രൊബേഷൻ കാലയളവ്, കെ.എസ് & എസ്. എസ്.ആർ, ജനറൽ റൂൾ 21 പ്രകാരം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല സി എസ്**
ഗവ.അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, മലപ്പുറം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).
സെക്രട്ടറി, കണ്ണമംഗലം ഗ്രാമപഞ്ചായത്ത്, മലപ്പുറം. (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).
ഡയറക്ടർ, ഐ. കെ. എം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന് ).
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(77/ഇപിഎ 1/16/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ